അംഗീകാരം റദ്ദാക്കലിന് ശാശ്വത പരിഹാരം

65 (848) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ ട്രെയിനിംഗ് കോളേജുകളിൽ പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ ഡിഗ്രികൾക്ക് എൻ.സി.ടി.ഇ. യുടെ അംഗീകാരം നഷ്ടപ്പെടാനിടയുണ്ടെന്ന ഗുരുതരമായ സ്ഥിതിവിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികളുടെ പുരോഗതി എന്താണെന്ന് വിശദമാക്കുമോ;

(സി) കഴിഞ്ഞ അദ്ധ്യയന വർഷം എൻ.സി.ടി.ഇ. ട്രെയിനിംഗ് കോളേജുകളുടെ അംഗീകാരം റദ്ദാക്കിയപ്പോൾ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

ഉത്തരം

(എ) 1998-99 അദ്ധ്യയന വർഷം വരെയുള്ള ബി.എഡ്. വിദ്യാർത്ഥികളുടെ ഡിഗ്രികൾക്ക് എൻ.സി.ടി.ഇ. യുടെ അംഗീകാരം ഉണ്ട്. 1999-2000 അദ്ധ്യയന വർഷം മുതൽ എൻ.സി.ടി.ഇ. യുടെ നിബന്ധനകൾക്ക് വിധേയമായി നടക്കുന്ന അഡ്മിഷന് എൻ.സി.ടി.ഇ.യുടെ അംഗീകാരമുണ്ടായിരിക്കുന്നതാണ്.

(ബി&സി) ബി.എഡ്. സെന്ററുകളെ സംബന്ധിച്ചിടത്തോളം സർവ്വകലാശാലകളും എയ്ഡഡ് അൺ എയ്ഡഡ് കോളേജുകളെ സംബന്ധിച്ചിടത്തോളം അതത് സ്ഥാപനങ്ങളുടെ മാനേജുമെന്റുകളുമാണ് നടപടി സ്വീകരിക്കേണ്ടത്. എൻ.സി.ടി.ഇ. യുടെ അംഗീകാരം നഷ്ടപ്പെടുന്നത് സംബന്ധിച്ച് അറിയിപ്പു ലഭിച്ച ഉടൻ തന്നെ എൻ.സി.ടി.ഇ. യുടെ നിബന്ധനകൾ കർശനമായി പാലിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. മാത്രമല്ല എൻ.സി.ടി.ഇ.യുടെ ചില വ്യവസ്ഥകളിൽ അയവു വരുത്തണമെന്നും എൻ.സി.ടി.ഇ. യോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

66 (849) ബി.എഡിന് വിഷയമായി ജോഗ്രഫി അംഗീകരിക്കണമെന്ന ആവശ്യം

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി.എഡിന് വിഷയമായ ജോഗ്രഫി അംഗീകരിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത വിഷയം കേരളത്തിലെ സർവ്വകലാശാലകളിൽ ബി.എഡ് വിഷയമായി അംഗീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly